## ഹദീസ്

ഷാഹിൻ സി.എസ്
shahincssio@gmail.com

# കർമങ്ങൾ എന്തിനു വേണ്ടി?

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُول : قَالَ اللَّهُ تَعَالَى : أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ . مَنْ عَمِلَ عَمَلًا أَشْرَكَ فِيهِ مَعِي غَيْرِي تَرَكْتُهُ وَشِرْكَهُ (رواه مسلم)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: അല്ലാഹു പറഞ്ഞതായി നബി(സ) പറഞ്ഞിരിക്കുന്നു: ''ഞാൻ ഒരു പങ്കാളിയുടെയും പങ്കാളിത്തം ആവശ്യമില്ലാത്തവനാകുന്നു. അതിനാൽ ആരെങ്കിലും വല്ല കർമത്തിലും എന്നോടൊപ്പം മറ്റാരെയെങ്കിലും പങ്ക് ചേർത്താൽ അവനെയും അവൻ പങ്ക് ചേർത്തതിനെയും ഞാൻ നിരാകരിക്കുന്നതാണ്'' (മുസ്‌ലിം).**

സൽക്കർമങ്ങൾ ചെയ്യുമ്പോൾ പലവിധ താൽപര്യങ്ങൾ മനസ്സിൽ കയറിയിറങ്ങാൻ സാധ്യതയുണ്ട്. പേര്, പ്രശസ്തി, പരിഗണന, പ്രശംസ, ജനങ്ങൾക്കിടയിലെ ആദരവ് തുടങ്ങിയവ അവയിൽ ചിലതാണ്. എന്നാൽ അല്ലാഹുവിന്റെ തൃപ്തി എന്ന ഏക ബിന്ദുവിൽ കേന്ദ്രീകരിച്ച് നിർവഹിക്കുന്ന കർമങ്ങൾ മാത്രമേ അവൻ സ്വീകരിക്കുകയുള്ളൂ. ഈ ഖുദ്സിയായ ഹദീസ് വെളിച്ചം വീശുന്നത് ആ യാഥാർഥ്യത്തിലേക്കാണ്. അല്ലാഹുവിന്റെ തൃപ്തിക്കു പുറമെ മറ്റു വല്ല താൽപര്യവും ഉദ്ദേശ്യത്തിൽ കലരുന്ന പക്ഷം കർമങ്ങൾ ഫലശൂന്യമായി, പാഴ്‌വേലയായി മാറും. പരലോകത്ത് ആദ്യമായി വിചാരണ ചെയ്യപ്പെടുന്ന മൂന്ന് വ്യക്തികളെ സംബന്ധിച്ച് നബി(സ) വിവരിച്ചിട്ടുണ്ട്. രക്തസാക്ഷി, പണ്ഡിതൻ, ധർമിഷ്ഠൻ എന്നിവരാണവർ. ജീവിതത്തിൽ ഏറ്റവും മഹത്തായ കർമങ്ങൾ നിർവഹിച്ചവർ. ഒന്നാമൻ ദീനിനു വേണ്ടി ജീവൻ തന്നെ ബലിനൽകി. മറ്റൊരാൾ ജനങ്ങൾക്ക് അറിവ് പകർന്നുകൊടുത്ത് ദീനിന്റെ വളർച്ചയിൽ പ്രധാന പങ്ക് വഹിച്ചു. മൂന്നാമൻ അല്ലാഹുവിന്റെ മാർഗത്തിൽ ധാരാളം സമ്പത്ത് ചെലവഴിച്ചു. സ്വർഗം ഉറപ്പിക്കാൻ മാത്രമുള്ള കർമങ്ങൾ അനുഷ്ഠിച്ചവർ. എന്നാൽ അവരെ നരകത്തിലേക്ക് വലിച്ചെറിയാൻ വിചാരണക്കു ശേഷം അല്ലാഹു മലക്കുകളോട് കൽപിക്കുമെന്ന് നബി(സ) വ്യക്തമാക്കി. ചെയ്ത കർമങ്ങൾ ഉത്കൃഷ്ടമായിരുന്നുവെങ്കിലും ഉദ്ദേശ്യം പിഴച്ചുപോയതായിരുന്നു കാരണം. അഥവാ ജനങ്ങളുടെ പ്രശംസയും പ്രശസ്തിയും ആദരവും തങ്ങളുടെ പ്രവർത്തനങ്ങളിൽ അവർ ആഗ്രഹിച്ചു.

ഏതൊരു കർമവും അത് നിർവഹിക്കുന്ന വ്യക്തിയുടെ ഉള്ളിലിരിപ്പനുസരിച്ചായിരിക്കും അല്ലാഹു പരിഗണിക്കുക എന്ന് ഇത് വ്യക്തമാക്കുന്നു. നബി(സ) പറഞ്ഞു: ''ഉദ്ദേശ്യമനുസരിച്ചാണ് കർമങ്ങൾ പരിഗണിക്കപ്പെടുക. ഓരോ മനുഷ്യന്നും താനുദ്ദേശിച്ചത് മാത്രമേ ലഭിക്കുകയുള്ളൂ.'' ഉദ്ദേശിച്ചതിനപ്പുറം ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. നന്മകൾ ചെയ്യുന്നത് അല്ലാഹുവിന്റെ കൽപനയനുസരിച്ചും അവന്റെ തൃപ്തിക്ക് വേണ്ടിയുമാകണം. ഈ രണ്ട് ഉപാധികളും പാലിച്ച് ചെയ്യുന്ന നന്മകൾക്ക് അല്ലാഹു വലിയ വില കൽപിക്കും, അതെത്ര ചെറുതാണെങ്കിലും. എന്നാൽ വല്ലതിന്റെയും കലർപ്പുള്ള നന്മക്ക്, അവൻ ഒട്ടും വില കൽപിക്കുകയില്ല. അതെത്ര വലുതായിരുന്നാലും, അതിന് പ്രതിഫലം നൽകുകയുമില്ല.

ഇഖ്‌ലാസില്ലാതെ, മറ്റുള്ളവരെ കാണിക്കാനായി ചെയ്യുന്ന നന്മകൾ ശിർക്കാണെന്നും ഈ ഹദീസിൽ നിന്ന് വ്യക്തമാകുന്നുണ്ട്. നബി(സ) പറഞ്ഞു: ''നിങ്ങളിൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ചെറിയ ശിർക്കാണ്.'' അപ്പോൾ ഒരാൾ ചോദിച്ചു: ''അല്ലാഹുവിന്റെ ദൂതരേ, എന്താണ് ചെറിയ ശിർക്ക്?'' നബി(സ) പറഞ്ഞു: ''ജനങ്ങളെ കാണിക്കാൻ വേണ്ടി കർമങ്ങളനുഷ്ഠിക്കലാണത്. അന്ത്യനാളിൽ അത്തരക്കാരോട് അല്ലാഹു പറയും: ആർക്കു വേണ്ടിയാണോ ദുൻയാവിൽ നിങ്ങൾ കർമങ്ങളനുഷ്ഠിച്ചത്, അവരോട് തന്നെ ചോദിക്കൂ നിങ്ങളുടെ പ്രതിഫലം.''

അല്ലാഹുവിന്റെ മാർഗത്തിൽ കർമനിരതരായവർ ജാഗ്രത പുലർത്തേണ്ട അങ്ങേയറ്റം ഗൗരവപ്പെട്ട കാര്യമാണിത്. അല്ലാത്തപക്ഷം, ദീനിനു വേണ്ടി ഒഴുക്കിയ വിയർപ്പും ചെലവഴിച്ച സമ്പത്തും മാറ്റിവെച്ച സമയവും ചെയ്ത പ്രഭാഷണങ്ങളും നൽകിയ ധൈഷണിക സംഭാവനകളും അനുഭവിച്ച ത്യാഗങ്ങളും പാഴായിപ്പോകും. പരലോകത്ത് ചെന്നാൽ ചെയ്തുകൂട്ടിയ നന്മകളെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നടിയും. ജനങ്ങളെ കാണിക്കാനായി ചെയ്യുന്ന കർമങ്ങൾക്ക് വിശുദ്ധ ഖുർആൻ നൽകിയ ഉപമ ഇങ്ങനെയാണ്: ''ഒരു ഉറച്ച പാറ, അതി

ന്മേൽ ഇത്തിരി മണ്ണുണ്ടായിരുന്നു. അങ്ങനെ അതിന്മേൽ കനത്ത മഴ പെയ്തു. അതോടെ അത് മിനുത്ത പാറപ്പുറം മാത്രമായി. അവർ അധ്വാനിച്ചതിന്റെ ഫലമൊന്നു മനുഭവിക്കാൻ അവർക്ക് കഴിഞ്ഞില്ല....'' (*അൽബഖറ* 264).

മനസ്സിനെ പ്രകടനാത്മകതയിൽ (رياء) നിന്നും മുക്തമാക്കി ഇഖ്‌ലാസ് നിലനിർത്തുക എന്നത് ശ്രമകരമായ കാര്യം തന്നെയാണ്. തികഞ്ഞ സൂക്ഷ്മതയും ജാഗ്രതയും അതിനനിവാര്യമാണ്. യൂനുസുബ്നു ഹുസൈൻ(റ) പറയുന്നു: ''ദുൻയാവിൽ ഏറ്റവും പ്രയാസകരമായ സംഗതി ഇഖ്‌ലാസ് നിലനിർത്തലാണ്. മനസ്സിൽനിന്നും പ്രകടനാത്മകതയെ ഇല്ലാതാക്കാൻ ഞാൻ എത്ര പരിശ്രമിച്ചു! അപ്പോഴെല്ലാം പുതിയ രൂപത്തിൽ അത് മുളച്ചുപൊന്തുന്നതുപോലെ തോന്നി.''

പ്രകടനാത്മകതയിൽനിന്നും രക്ഷപ്പെടാനും ഇഖ്‌ലാസ് നിലനിർത്താനുമുള്ള ചില മാർഗങ്ങൾ:

* അല്ലാഹുവിന്റെ നാമങ്ങളെയും ഗുണവിശേഷങ്ങളെയും കുറിച്ച് കൃത്യമായ ബോധ്യമുണ്ടായിരിക്കുക. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്. മനസ്സിന്റെ സൂക്ഷ്മമായ കോണുകളിൽ പോലുമുള്ള വിചാരങ്ങളും ഉദ്ദേശ്യങ്ങളും ഉള്ളിലിരിപ്പും അവൻ അറിയുന്നുണ്ട്. ഈ ബോധ്യമുണ്ടാകുമ്പോൾ, കാപട്യവും പ്രകടനാത്മകതയും നിറഞ്ഞ് മലിനമായ മനസ്സിലേക്ക് അല്ലാഹു നോക്കുന്നത് നമുക്ക് ലജ്ജ ഉളവാക്കും.

* പ്രാർഥനയിലൂടെ അല്ലാഹുവിൽ അഭയം തേടുക. നബി(സ) പറഞ്ഞു: ''ജനങ്ങളേ, നിങ്ങൾ ഈ ശിർക്കിനെ സൂക്ഷിക്കുക. ഉറുമ്പിന്റെ സഞ്ചാരത്തേക്കാൾ നിഗൂഢമായിരിക്കും അതിന്റെ വരവ്.'' സ്വഹാബികൾ ചോദിച്ചു: ''അല്ലാഹുവിന്റെ ദൂതരേ, ഉറുമ്പിന്റെ സഞ്ചാരത്തേക്കാൾ നിഗൂഢമാണെങ്കിൽ എങ്ങനെയാണ് ഞങ്ങൾ അതിനെ സൂക്ഷിക്കുക?'' നബി (സ) പറഞ്ഞു: ''നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുക; അല്ലാഹുവേ, അറിവുള്ളവരായിരിക്കെ നിന്നോട് ശിർക്ക് ചെയ്തു പോകുന്നതിൽനിന്ന് ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. അറിയാതെ വന്നുപോകുന്ന തെറ്റുകുറ്റങ്ങൾ നീ ഞങ്ങൾക്ക് പൊറുത്തുതരികയും ചെയ്യേണമേ.''

* പ്രകടനാത്മകത കാരണം പരലോകത്ത് സംഭവിക്കാവുന്ന ദുരന്തങ്ങളെയും ശിക്ഷയെയും നഷ്ടത്തെയും കുറിച്ച് ഓർക്കുക. പ്രയാസങ്ങൾ സഹിച്ച് കുറേ കർമങ്ങൾ ചെയ്തിട്ടും അത് മുഴുവൻ പാഴായിപ്പോകുന്നത് എത്ര നഷ്ടമാണ്! അല്ലാഹുവിന്റെ തൃപ്തി എന്ന ഒറ്റ ബിന്ദുവിൽ കേന്ദ്രീകരിക്കാതെ ചെയ്യുന്ന പ്രവർത്തനങ്ങൾ വെള്ളത്തിൽ ചിത്രം വരക്കുന്നതിന് സമാനമാണ്.

* ഇഖ്‌ലാസിന്റെ ഗുണഫലങ്ങളും പ്രതിഫലങ്ങളും തിരിച്ചറിയുക.

* ചില സൽക്കർമങ്ങൾ അല്ലാഹുവല്ലാതെ മറ്റൊരാളും കാണാത്ത രൂപത്തിൽ നിർവഹിക്കുന്നത് പതിവാക്കുക.

* ഇഖ്‌ലാസുള്ള വ്യക്തികളോട് സഹവസിക്കുക.

* ജനങ്ങളുടെ അടുക്കലുള്ളതിനോട് വിരക്തി കാണിക്കുക. ജനങ്ങളുടെ പ്രശംസ കൊതിക്കാത്ത മനസ്സ് വളർത്തിയെടുക്കാൻ പരിശ്രമിക്കുക.

* നിരന്തരം ആത്മവിചാരണ നടത്തുക. പറഞ്ഞ വാക്കുകളും ചെയ്ത നന്മകളും അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രം ആഗ്രഹിച്ചുകൊണ്ടാണോ നിർവഹിച്ചത്, അതല്ല മറ്റ് വല്ല താൽപര്യവും അതിൽ കലർന്നിരുന്നോ എന്ന് ആത്മ പരിശോധന നടത്തുകയും തെറ്റുതിരുത്തുകയും ചെയ്യുന്നത് ഇഖ്‌ലാസ് നിലനിർത്താൻ സഹായിക്കുന്നു.

അല്ലാഹു പറയുന്നു: ''നിശ്ചയമായും കന്നുകാലികളിലും നിങ്ങൾക്ക് പാഠമുണ്ട്. അവയുടെ വയറ്റിലുള്ളതിൽനിന്ന്, ചാണകത്തിനും ചോരക്കുമിടയിൽനിന്ന് നിങ്ങളെ നാം ശുദ്ധമായ പാൽ കുടിപ്പിക്കുന്നു....'' (*അന്നഹ്ൽ* 66)

ചാണകത്തിനും രക്തത്തിനും ഇടയിലൂടെയാണ് പാൽ വരുന്നതെങ്കിലും അവയുടെ നിറമോ മണമോ രുചിയോ കലരാതെ വെള്ള നിറത്തിലുള്ള ശുദ്ധമായ പാനീയമായാണ് അത് പുറത്തുവരുന്നത്. ഇതുപോലെ നാം സൽക്കർമങ്ങൾ ചെയ്യുമ്പോൾ പല താൽപര്യങ്ങളും വിചാരങ്ങളും ഉദ്ദേശ്യങ്ങളും മനസ്സിൽ തികട്ടി വരാം. എന്നാൽ അവയൊന്നും കലരാതെ അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും എന്ന ലക്ഷ്യത്തിൽ കേന്ദ്രീകരിച്ച് പ്രസ്തുത കർമങ്ങളെ നിർമലവും പരിശുദ്ധവുമാക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ●